# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1477** | **10.02.2020 ൽ മറുപടിയ്ക്ക്**

**നീര ഉൽപ്പാദനം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.മുഹമ്മദ് മുഹസിൻ പി.** | **ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |
| എ) കേര കർഷകർക്ക് പരമാവധി ആദായം ലഭിക്കുന്നതിനുള്ള എന്തെല്ലാം പദ്ധതികളാണ് സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | എ) കേര കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും കേരകൃഷിയിലൂടെ സുസ്ഥിര വരുമാനം ഉറപ്പാക്കുന്നതിനും കേര വികസന പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നു. കേരകൃഷിയുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് 2018 മുതൽ 2028 വരെയുള്ള കാലഘട്ടത്തിലേയ്ക്ക് പ്രാവർത്തികമാക്കാനുള്ള വിവിധ ലക്ഷ്യങ്ങളോടെ നാളികേര വികസന കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ വാർഡൊന്നിന് 75 എണ്ണം എന്ന നിരക്കിൽ വിതരണം ചെയ്യുന്നതിനുള്ള ഒരു ബൃഹത് പദ്ധതി 2019-20 വർഷം കേരകേരളം സമൃദ്ധകേരളം എന്ന പേരിൽ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.<br><br>തേങ്ങയുടെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി രോഗം ബാധിച്ചതും പ്രായം ചെന്നതുമായ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തൈകൾ നടുക, സംയോജിത കീടരോഗ നിയന്ത്രണം, സംയോജിത വളപ്രയോഗം, ഇടവിളകൃഷി പ്രോൽസാഹിപ്പിക്കൽ, ജലസേചന സൗകര്യങ്ങൾ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോൽസാഹനം, ഗുണമേന്മയുള്ള തൈകൾ കർഷകർക്ക് ലഭ്യമാക്കുക, എന്നിവ ലക്ഷ്യമിട്ടുകൊണ്ട് 250 ഹെക്ടർ തുടർച്ചയായി തെങ്ങ് കൃഷിയുള്ള പ്രദേശത്ത് കേരഗ്രാമം എന്ന പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>ഉയരം കുറഞ്ഞ/ കുറിയ ഇനം തെങ്ങുകളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിലേക്കായി കരിക്കിനും കൊപ്രയ്ക്കും അനുയോജ്യമായ ഇനങ്ങൾ ശാസ്ത്രീയമായി കൃഷി ചെയ്യുന്നതിനും 0.2 ഹെക്ടർ വീതമുള്ള മാതൃകാ ഫാമുകൾ സ്ഥാപിക്കുന്നതിനും |

പ്രവർത്തനങ്ങൾ നടത്തി വരുന്നു.

പദ്ധതിയധിഷ്ഠിത നാളികേര വികസനത്തിനായി 100 ലക്ഷം രൂപ നടപ്പ് വർഷം ബജറ്റിൽ ഉൾപ്പെടുത്തി ചെലവഴിച്ച് വരുന്നു. ബ്ലോക്കുതല ക്യാമ്പയിനുകൾ സംഘടിപ്പിച്ച് നാളികേരത്തിന്റെയും വെളിച്ചെണ്ണ ഉൾപ്പെടെയുള്ള ഉൽപ്പന്നങ്ങളുടെയും ഗുണങ്ങൾ പ്രചരിപ്പിച്ച് ഉപയോഗം വർദ്ധിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

തെങ്ങു കൃഷിയുടെ വിവിധ പ്രശ്നങ്ങൾ മനസ്സിലാക്കി ഗവേഷണ പദ്ധതികളിലൂടെ പരിഹാരം കാണാൻ കേന്ദ്രതോട്ടവിള ഗവേഷണ കേന്ദ്രവുമായി സഹകരിച്ചുള്ള പ്രവർത്തനങ്ങൾക്ക് 50 ലക്ഷം രൂപ നടപ്പ് വർഷം വിനിയോഗിച്ച് വരുന്നു.

തെങ്ങിനെ ബാധിക്കുന്ന കീടങ്ങളേയും രോഗങ്ങളേയും നിയന്ത്രിക്കുന്നതിന് ക്യാമ്പയിൻ അടിസ്ഥാനത്തിൽ പരിപാടികൾ നടത്തുന്നതിലേയ്ക്കായി 250 ലക്ഷം രൂപയുടെ പദ്ധതി നടപ്പാക്കി വരുന്നുണ്ട്.

നാളികേര മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ സാദ്ധ്യത മനസ്സിലാക്കുന്നതിനും കർഷക സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി വൈഗ എന്ന പേരിൽ പ്രദർശനവും അന്തർദേശീയ ശില്പശാലയും കൃഷി വകുപ്പ് സംഘടിപ്പിച്ച് വരുന്നുണ്ട്. മൂല്യവർദ്ധിത സംരംഭങ്ങൾ ആരംഭിക്കുന്നതിനായി എസ്.എഫ്.എ.സി മുഖാന്തിരം പ്രോജക്ട് അധിഷ്ഠിത സഹായവും സാങ്കേതിക സഹായവും നൽകുന്നുണ്ട്. കൂടാതെ കേരഫെഡ്, നാളികേര വികസന കോർപ്പറേഷൻ എന്നിവയുടെ ആഭിമുഖ്യത്തിൽ കേരോല്പന്നങ്ങളുടെ ഉത്പാദനവും വൈവിധ്യവൽക്കരണവും വിപണനവും നടത്തുന്നതിലൂടെ കേരകർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ച് വരുന്നു.

| | | | |
|---|---|---|---|
| ബി) | കേര കർഷകർക്ക് പ്രയോജനകരമായിട്ടുള്ള നീര ഉൽപ്പാദനം വ്യാപകമാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുമോ എന്ന് അറിയിക്കുമോ? | ബി) | 2014-15 മുതൽ 2017-18 വരെ കാലയളവിൽ നീര ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നതിന് 8 ഓളം നാളികേര ഉല്പാദക കമ്പനികൾക്ക് കൃഷി വകുപ്പ് ധനസഹായം നൽകിയിരുന്നു. ആരോഗ്യകരമായ പാനീയം എന്ന നിലയിൽ നീരയെ കൊണ്ടുവരുന്നതിനായി അതിന്റെ ഉല്പാദനവുമായി ബന്ധപ്പെട്ട് സാങ്കേതികവിദ്യ, ചേരുവകൾ, ഗുണനിലവാരം എന്നിവ സംബന്ധിച്ച് പൊതുമാനദണ്ഡം നിശ്ചയിക്കുന്നതിനും നീരയെ ഒറ്റ ബ്രാന്റായി പൊതുവിപണിയിൽ എത്തിക്കുന്നതിനുള്ള |

നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.നീരയ്ക്ക് അന്തർദേശീയ ലോഗോ, പരസ്യ വാചകം എന്നിവ തയ്യാറാക്കുന്നതിന് ഫാം ഇൻഫർമേഷൻ ബ്യൂറോ മത്സരം നടത്തി തീരുമാനമായിട്ടുണ്ട്. നീരയുടെ ഷെൽഫ് ലൈഫ് കൂട്ടുന്നതിന് ടെട്രാ പാക്കിംഗ് സംവിധാനം കൊണ്ടു വരുന്നതിന് ആലോചനകൾ നടന്നു വരുന്നുണ്ട്. നീരയുടെ ഗുണനിലവാര സ്റ്റാന്റേർഡ് തീരുമാനിച്ച് ഉത്തരവായിട്ടുണ്ട്. നീരയെ ഒരു ആരോഗ്യപാനീയം എന്ന നിലയ്ക്ക് അതിന്റെ ഗുണമേന്മ ജനങ്ങളിൽ എത്തിക്കുന്നതിന് ദേശീയ അന്തർദേശീയ തലത്തിൽ വിവിധ മേളകൾ, സെമിനാറുകൾ, പ്രസിദ്ധീകരണങ്ങൾ എന്നിവ നാളികേര വികസന ബോർഡ് സംഘടിപ്പിക്കുന്നുണ്ട്.

Maya P

**സെക്ഷൻ ഓഫീസർ**